**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2632** **07-07-2022 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ റിസ്ക് ഫണ്ട് ആനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി പൂഞ്ഞാർ മണ്ഡലത്തിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ നിന്ന് റിസ്ക് ഫണ്ട് ധനസഹായം അനുവദിക്കുന്ന തിലേക്കായി 83 അപേക്ഷകൾ ബോർഡിൽ ലഭ്യമായിട്ടുണ്ട്. |
| (ബി) | അവയിൽ എത്രപേർക്ക് പ്രസ്തുത ആനുകൂല്യം അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | അവയിൽ അർഹരായ 4 അപേക്ഷകർക്ക് റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (സി) | എത്ര അപേക്ഷകൾ റിസ്ക് ഫണ്ട് ബോർഡിന്റെ പരിഗണനയിലുണ്ടെന്ന വിവരം ലഭ്യമാക്കുമോ; അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ നിന്ന് ബോർഡിലേക്ക് ലഭ്യമായ റിസ്ക് ഫണ്ട് ധനസഹായ അപേക്ഷകളിൽ 79 അപേക്ഷകൾ ബോർഡിന്റെ പരിഗണനയിൽ കുടിശികയായുണ്ട്. ആയതിൽ 6 അപേക്ഷകൾ ധനസഹായത്തിന് അർഹതയില്ലാത്തതിനാൽ നിരസിച്ച് ബന്ധപ്പെട്ട സംഘ ങ്ങൾക്ക് കത്ത് നൽകിയിട്ടുള്ളതും, 13 അപേക്ഷകളിൽ ന്യൂനത പരിഹരിച്ച് ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട സംഘങ്ങൾക്ക് കത്ത് നൽകിയിട്ടുള്ളതും, 4 അപേക്ഷകൾ നിരസിക്കുന്നതിനും, 8 അപേക്ഷകളിൽ റിസ്ക് ഫണ്ട് ധനസഹായം നൽകുന്നതിനുമുള്ള നടപടികൾ പൂർത്തിയായിട്ടുള്ളതു മാണ്. ബാക്കി 48 അപേക്ഷകളിൽ ത്വരിതഗതിയിൽ നടപടികൾ പൂർത്തിയാക്കി ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ